**കേരള കാർഷിക സർവ്വകലാശാല**
**മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ**

---

**കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് - നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച്**

**നമ്പർ: ജിഎ/ജി1/1689/2020** **തീയ്യതി :** 04.09.2020

**അറിയിപ്പ്**

കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

- 2020 സെപ്റ്റംബർ 07 ന് പകൽ 11 മണി മുതൽ സർവ്വകലാശാല ആസ്ഥാനത്തുള്ള കോൺഫറൻസ് ഹാളിൽ വച്ച് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതാണ്

- ഓരോ വിഭാഗത്തിലേക്കുമുള്ള പത്രികകളുടെ സൂക്ഷ്മ പരിശോധന താഴെ പറയുന്ന സമയങ്ങളിൽ പ്രത്യേകം നടത്തുന്നതാണ്. ഈ സമയത്ത് അതത് വിഭാഗത്തിലുള്ള സ്ഥാനാർത്ഥികൾക്കും ഒരു പ്രതിനിധിക്കും മാത്രമേ ഹാളിലേക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

11:00 മണി - അദ്ധ്യാപക വിഭാഗം

11:45 മണി - അനദ്ധ്യാപക വിഭാഗം

12:15 മണി - സ്ഥിരം തൊഴിലാളികൾ

കോവിഡ് - 19 മാനദണ്ഡങ്ങൾ പ്രകാരം സാമൂഹ്യ അകലം പാലിച്ചു കൊണ്ട് പ്രസ്തുത പ്രകിയകൾ നടത്തേണ്ടതിനാൽ ഈ ക്രമീകരണങ്ങളോട് ഏവരും സഹകരിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

04/09/2020

**ഡോ. എ. സക്കീർ ഹുസൈൻ**
**റിട്ടേണിംഗ് ഓഫീസർ & രജിസ്ട്രാർ**

നോട്ടീസ് ബോർഡ്/ കെ.എ.യു വെബ് സൈറ്റ്